മാർച്ച് 7, 8
കൺവൻഷൻ
തിരുവനന്തപുരത്ത്


AKPCTA

No. 61

# kerala private college teacher

JANUARY 1986

പ്രീഡിഗ്രി ബോർഡിനെതിരേ ജില്ലാകേന്ദ്രങ്ങളിൽ ധർണ: ആലപ്പുഴയിലെ ധർണ പ്രസിഡൻറ് പ്രൊഫ. ടി. ഗോപാലകൃഷ്ണൻ ഉത്ഘാടനം ചെയ്യുന്നു.



# വൈലോപ്പിള്ളി

മഹാകവി വൈലോപ്പിള്ളിയുടെ മരണം നമ്മുടെ മനസിൽ സൃഷ്ടിക്കുന്ന നഷ്ടബോധം ചെറുതല്ല. കവിയും ദാർശനികനും ശാസ്ത്രജ്ഞനുമായിരുന്നു അദ്ദേഹം. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ കവിതകളിൽ ഈ പ്രത്യേകതകളുടെ ഒത്തുചേരൽ പല പുതുമകളും സൃഷ്ടിച്ചു. പ്രകൃതിയും മനുഷ്യനുമായുള്ള നിരന്തരസംഘട്ടനത്തിൽ നിന്നാണ് മനുഷ്യസംസ്കാരം മുളച്ചു പൊന്തി പടർന്നു പന്തലിച്ചതെന്ന ശാസ്ത്ര ചിന്തതന്നെയാണ് വൈലോപ്പിള്ളിക്കവിതകളിലും കാണുക. പ്രകൃതിക്കുവഴങ്ങിക്കൊടുത്തല്ല, മറിച്ച് പ്രകൃതിയെ വഴക്കിയെടുത്തു പുരോഗമിച്ച മനുഷ്യനെക്കുറിച്ച് അദ്ദേഹത്തിനുവളരെയേറെപ്പറയാനുണ്ടായിരുന്നു.

'ഹാ വിജിഗീഷു മൃത്യുവിന്നാമോ
ജീവിതത്തിൻ കൊടിപ്പടം താഴ്ത്താൻ'

ഈ വരികളിൽ കാണുന്നതുപോലുള്ള കരുത്താർന്ന ജീവിത പക്ഷപാതം വൈലോപ്പിള്ളിയുടെ പ്രത്യേകതയാണ്. സ്വന്തം മണ്ണിൽനിന്നുകൊണ്ട് വിശ്വചക്രവാളം മുഴുവൻ ഉൾക്കൊള്ളാനും, മനുഷ്യമഹത്വത്തിൽ അടിയുറച്ച വിശ്വാസമുള്ളതുകൊണ്ട് ലോകത്തിന് ഒരു നല്ല നാളെയുണ്ടാകുമെന്നു വിശ്വസിക്കാനും അദ്ദേഹത്തിനു കഴിഞ്ഞിരുന്നു.

വൈലോപ്പിള്ളിക്കവിതയിലെ ജീവിതം ഒററപ്പെട്ടതല്ല; ഒററപ്പെടലിന്റേതുമല്ല. മറിച്ച് കൂട്ടായ മുന്നേററത്തിന്റെ സംഘഗാഥകളാണ് ആ കവിതകൾ. ഇന്നത്തെ ജീവിതത്തിന് എന്തെല്ലാം വൈകല്യങ്ങളുണ്ടായിരുന്നാലും അത് മുമ്പെന്നത്തേക്കാളും സുന്ദരമാണെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. മനുഷ്യൻ ഇന്നോളം നേടിയ സംസ്കാരത്തെ സസൂക്ഷ്മം പഠിച്ചും, ചരിത്രഗതിയെ നിയന്ത്രിക്കുന്ന നിയമങ്ങളറിഞ്ഞും, ചുററുമുള്ള ജീവിതത്തെ സശ്രദ്ധം നിരീക്ഷിച്ചും, അതിന്റെ വെളിച്ചത്തിൽ ചൈതന്യവത്തായ ഭാവിക്കുവേണ്ടി പ്രവർത്തിക്കുവാനുള്ള പ്രചോദനവും ധൈര്യവും പകർന്നുതന്നുകൊണ്ടും വൈലോപ്പിള്ളിക്കവിതകൾ കെടാത്തപന്തങ്ങളായി ജ്വലിച്ചുനിൽക്കുന്നു.

മഹാകവിയുടെ സ്മരണക്കുമുമ്പിൽ എ കെ പി സി ടി എ യുടെ ആദരാഞ്ജലികൾ.

Kerala Private College Teacher
AKPCTA JOURNAL
January 1986 No. 61 Re. 1
Annual Subscription Rs. 10

*Editorial Board*
*Chairman :* **T. Gopalakrishnan**
*Chief Editor:* **V. N. Murali**
*Members:* V. Narayanan Kutty, T K G Nair, Nanniyodu Ramachandran, R. Raveendran Nair, N N. Anandan, K.N. Ganesh, Thankan P. Thollcodu, N. P. Hafeez Muhammed.

*Address : Chief Editor, Vasantham, Chempakasserry Nagar, Kesavadasapuram, Tvm-4*

printed and published by v. narayanankutty at CHEMPAKA Printers, trivandrum-4 phone: 82127

മുഖപ്രസംഗം

# വണ്ടേ നീ തുലയുന്നു

കഴിഞ്ഞ ഡിസംബർ മാസത്തിൽ, പ്രൈവററ്കോളേജ് അധ്യാപക മേഖലയിൽ പ്രവർത്തിക്കുന്ന കുറച്ച് അധ്യാപകർ കോട്ടയത്തു ചേർന്ന്, ഒരു സംഘടന ഉണ്ടാക്കുകയും, അതാണ് യഥാർഥ എ. കെ. പി. സി. ടി. എ എന്ന് അവകാശപ്പെടുകയും ചെയ്തിരിക്കുകയാണല്ലോ. ആ സംഘടനയുടെ ചുക്കാൻ പിടിക്കുന്നവരെപ്പററി ചിന്തിച്ചാൽ മനസിലാകുന്ന ഒരു കാര്യമുണ്ട്; അവരിൽ ചിലർ ഗുരുതരമായ അച്ചടക്കലംഘനത്തിന് എ. കെ. പി. സി. ടി. എ യിൽ നിന്ന് പുറത്താക്കപ്പെട്ടവരും, മററു ചിലർ കഴിഞ്ഞ വർഷത്തെ സംഘടനാതെരഞ്ഞെടുപ്പിൽ മത്സരിച്ച് ദയനീയമായി പരാജയപ്പെട്ടവരുമാണ്. പ്രസിഡൻറ് ശ്രീ.എം. ആർ. ചന്ദ്രശേഖരൻ ആദ്യത്തെ വിഭാഗത്തിലും, ജനറൽസെക്രട്ടറി ശ്രീ. കെ. സി. ചാക്കോ രണ്ടാമത്തെവിഭാഗത്തിലും പെടുന്നു. എ. കെ. പി. സി. ടി. എ യുടെ നാനൂറിൽ പരം സ്ററേററ് കൗൺസിൽ അംഗങ്ങളിൽ 351 പേർ കോട്ടയത്ത് പങ്കെടുത്തിരുന്നുഎന്ന ആ ഒരൊററ നുണ മതി, ഇവർ കോളേജധ്യാപകരുടെ ചിന്താശക്തിയെ എങ്ങനെ പരിഹസിക്കുന്നു എന്നു മനസിലാക്കാൻ. എ. കെ. പി. സി. ടി. എ യുടെ 1984 ലെ തെരഞ്ഞെടുപ്പിൽ പ്രസിഡൻററായി മത്സരിച്ച് പരാജയപ്പെട്ട എം. ആർ. ചന്ദ്രശേഖരനും 1985 ലെ തെരഞ്ഞെടുപ്പിൽ ജന:സെക്രട്ടറിയായി മത്സരിച്ച്പരാജയപ്പെട്ട കെ.സി. ചാക്കോയും, തങ്ങളുടെ സുഹൃത്തുക്കളെ കോട്ടയത്തു വിളിച്ചുകൂട്ടി ഒരു സംഘടന ഉണ്ടാക്കി അതിൻെറ പ്രസിഡൻറും സെക്രട്ടറിയും ആയപ്പോൾ, ആ സംഘടനക്ക് എ. കെ. പി. സി. ടി. എ എന്ന പേരുതന്നെ സ്വീകരിച്ചുകൊണ്ട്, ഇലക്ഷനിൽ കൂടി പരാജയപ്പെട്ടെങ്കിലും എ. കെ. പി. സി. ടി. എ ഭാരവാഹികളാകണമെന്ന ആഗ്രഹം 'ഫാൻറസി' യിലൂടെ സാക്ഷാൽക്കരിക്കുകയായിരുന്നു. അതോ ദേശീയ സ്വാതന്ത്ര്യ സമരകാലത്ത് ചന്ദ്രബോസിലും, ജയപ്രകാശിലും ഒക്കെ ആകൃഷ്ടരായ ചിലർ തങ്ങളുടെ മക്കൾക്കും ആ പേരുകളൊക്കെ ഇടുന്നതിൻെറ പിന്നിലെ ചിന്താഗതി ഇവരെ ബാധിച്ചതിനാലാണോ, എ. കെ. പി. സി. ടി. എ എന്ന പേരുതന്നെ ഇവർ സ്വീകരിച്ചത്? അല്ലെങ്കിൽ കോളേജ് യൂണിയൻ ഇലക്ഷനിൽ വിദ്യാർഥി സംഘടനകൾ എതിർ സംഘടനയിലെ ശക്തനായ സ്ഥാനാർഥിയുടെ പേരുള്ള ഒരാളെ ഡമ്മിയായി നിർത്തി വിദ്യാർത്ഥികളെ കബളിപ്പിക്കുന്നതുപോലെ കോളേജധ്യാപകരെ കമ്പളിപ്പിക്കാമെന്ന വിചാരമായിരിക്കാം ഈ പേരു സ്വീകരിക്കാൻ അവരെ പ്രേരിപ്പിച്ചത്. ഏതായാലും പേരിടീലിൻെറ പിന്നിലുള്ള ഈ സൃഗാലപദ്ധതികളുടെ വലയിൽ കോളേജ് അധ്യാപകരെ കുരുക്കിയിടാമെന്ന് വ്യാമോഹിക്കേണ്ട.

എ. കെ. പി. സി. ടി. എ കോർഡിനേഷൻ കമ്മററിയുടെ പേരിൽ പ്രസിദ്ധീകരിച്ചിരുന്ന ഒരു കുറിപ്പ് കോട്ടയം സംഘടനയുടെ മാനിഫെസ്ററോ ആണെന്നുതോന്നുന്നു. അതിൽ ഇന്നത്തെ എ. കെ. പി. സി. ടി. എ നേതൃത്വത്തെ മുഖ്യമായും, രണ്ടു കാര്യങ്ങളുടെ പേരിലാണ് കുററപ്പെടുത്തുന്നത്; ഒന്ന് സംഘടന 'വിഭാഗീയ രാഷ്ട്രീയ ദുർമേധാവിത്വ''ത്തിനടിമപ്പെടുന്നു എന്നതിൻെറ പേരിൽ. മറെറാന്ന് എൻ. ജി. ഒ. -അധ്യാപക സംയുക്ത സമരസമിതിയുമായി ചേർന്ന് പൊതു ആവശ്യത്തിന് പ്രക്ഷോഭസമരങ്ങൾ നടത്തുന്നു എന്നതിൻെറ പേരിൽ. രാഷ്ട്രീയ ആരോപണം ഈ സംഘടനയിൽ മാത്രമുള്ളതല്ല; അത് ഇന്നോ ഇന്നലെയോ തുടങ്ങിയതുമല്ല. ശ്രീമാൻ എം. ആർ. ചന്ദ്രശേഖരനും, മിസ്ററർ കെ. സി. ചാക്കോയും ശ്രീ. വി. ആർ. സുബ്രഹ്മണ്യത്തിനെതിരെ സംഘടനാതെരഞ്ഞെടുപ്പിൽ മത്സരിച്ച് ജയിച്ചപ്പോൾ അവരുടെ പേരിൽ ആരോപിക്കപ്പെട്ട 'വിഭാഗീയ രാഷ്ട്രീയ ദുർമേധാവിത്വ ത്തെ അന്ന് പുശ്ചിച്ചു തള്ളിയിട്ട് ഇന്നിപ്പോൾ അവർതന്നെ തുരുമ്പിച്ച ആ പഴയ ആയുധവുമായി രംഗത്തുവന്നിരിക്കുന്ന കാഴ്ച

രസാവഹമാണ്. അമിതവും, അനർഹവുമായ രാഷ്ട്രീയാഭിലാഷങ്ങൾവച്ചു പുലർത്തിയിട്ട് അത് സാധിക്കാതെ വരുമ്പോഴുണ്ടാകുന്ന മോഹഭംഗത്തിൽ നിന്നുളവാകുന്ന ഒരു വികാരപരമായ പ്രശ്നം ഇതിന്റെ പിന്നിൽ ഉണ്ടായിരിക്കാം. അങ്ങനെയുള്ള ഒരു വികാരത്തിന്റെ ശമനമാണ് കോട്ടയത്ത് നടന്നത് എന്ന് കരുതുന്നതിൽ തെററില്ല.

സംയുക്ത സമരസമിതിയിലംഗമായതാണ് മറെറാരു കുററമായിപ്പറയുന്നത്. നമ്മുടെ നാട്ടിൽ തൊഴിൽ ചെയ്തു ജീവിക്കുന്നവരുടെ സംഘടനകളൊക്കെ പല കാരണങ്ങൾ കൊണ്ടും വിഭജിച്ചു കൊണ്ടിരുന്ന ഒരു കാലമുണ്ടായിരുന്നു. സർക്കാരിന്റെ നിക്ഷിപ്ത താൽപര്യങ്ങൾക്കെതിരായി നിൽക്കുന്ന ഈ സംഘടനകളുടെ കർമ്മശക്തി തളർത്തുവാൻ വിദഗ്ധമായി ആസൂത്രണം ചെയ്യുന്ന ചില പദ്ധതികൾ നടപ്പിലാക്കാൻ വേണ്ടി, സർക്കാറിന്റെ വൈതാളിക വേഷം കെട്ടുന്ന ചില സ്വാർത്ഥമോഹികളാണ് ഈ പിളർപ്പിന്റെ കടിഞ്ഞാൺ പിടിക്കുന്നത്. എന്നാൽ കാര്യങ്ങൾ മനസിലാക്കിവരുന്ന ജീവനക്കാർ ഇന്ന്, തങ്ങളുടെ മിതവും ന്യായവും ആയ ആവശ്യങ്ങൾ പോലും നേടിയെടുക്കാൻ, വിഭാഗീയമായി ചിന്തിക്കാതെ എല്ലാവരും ഒന്നിച്ചു നിന്നാലേ സാധിക്കുകയുള്ളൂ എന്നു മനസിലാക്കി കാററഗറി സംഘടനകൾ ഉപേക്ഷിച്ച് ഒററ സംഘടനയായിക്കൊണ്ടിരിക്കുകയാണ്. കെ.ജി.ടി.എ. യും, കെ. പി. ടി.യുവും ഒക്കെ അങ്ങനെയുണ്ടായ സംഘടനകളാണ്. ഇലക്ട്രിസിററി ജീവനക്കാരും, ട്രാൻസ്പോർട്ട് ജീവനക്കാരും, ശമ്പളപരിഷ്കരണവുമായി ബന്ധപ്പെട്ട് സംസ്ഥാന ഗവൺമെൻറ് ജീവനക്കാരും അടുത്തകാലങ്ങളിലായി നടത്തിയ പ്രക്ഷോഭസമരങ്ങളൊക്കെ ഈ പാഠമാണ് നമ്മെ പഠിപ്പിക്കുന്നത്. സമരങ്ങളോട് ജനങ്ങൾക്കും സർക്കാരിനും ഉളള സമീപനം മാറിവന്നപരിതസ്ഥിതികൂടി കണക്കിലെടുക്കാതെ, മുൻകാലങ്ങളിൽ ഒററക്കു നിന്ന് സമരം ചെയ്തു നേടിയതുപോലെ ഇപ്പോൾ ഒററപ്പെട്ട സമരങ്ങൾ കൊണ്ട് കാര്യങ്ങൾ നേടാമെന്നു വിചാരിക്കുന്നത് മൗഢ്യമായിരിക്കും.

പത്ത് വർഷങ്ങൾക്കുമുമ്പ് ഒരു സെനററ് ഇലക്ഷനോട് ബന്ധപ്പെട്ട് ഏതാണ്ട് ഇതേ കാരണങ്ങളൊക്കെപ്പറഞ്ഞാണ് പി. സി.ടി. എ. ഉണ്ടായത്. മാനേജരുടെ ഉപശാലാവൃത്തങ്ങളിൽ കയറിയിറങ്ങി നടന്ന്, സർക്കാർ-മന്ത്രി തലത്തിൽ ലോബിയിംഗ് നടത്തി കാര്യങ്ങൾ സാധിക്കുക എന്ന നയം സ്വീകരിച്ച ആ സംഘടന, അധ്യാപകതാൽപര്യത്തിനെതിരായി പലപ്പോഴും മാനേജരേയും, സർക്കാരിനേയും പിന്തുണക്കുന്ന ദയനീയമായ കാഴ്ച നമ്മൾ കണ്ടുകഴിഞ്ഞു. ഇതാ അതിന്റെ ഒരാവർത്തനം പത്തു വർഷം കഴിഞ്ഞ് നടക്കുന്നു. കോട്ടയത്തുണ്ടായ പുത്തൻ സംഘടനയുടെ ഒരു സെനററ് മെമ്പറായ നേതാവ് സിൻറിക്കേററ് ഇലക്ഷന് സ്ഥാനാർത്ഥിയായിരുന്ന എൻ. എസ്. എസ്. എഡ്യൂക്കേഷൻ സെക്രട്ടറിയേയും കൊണ്ടുനടന്ന് അധ്യാപകരായ സെനററ് അംഗങ്ങളുടെ വോട്ട് 'ക്യാൻവാസ്' ചെയ്യുന്ന പരിഹാസ്യമായ കാഴ്ച നാം കണ്ടു. പ്രീഡിഗ്രി ബോർഡ് ഏർപ്പെടുത്തുക ഉൾപ്പെടെയുള്ള, ആദിശേഷയ്യാകമ്മിഷനിലെ അധ്യാപക വിരുദ്ധപദ്ധതികൾ നടപ്പിലാക്കാമെന്നു വിചാരിക്കുന്ന വിദ്യാഭ്യാസ മന്ത്രിയുടെ വൈതാളിക വൃന്ദത്തിൽ ചേർന്നുകൊണ്ട്, സെനററിൽ പ്രിഡിഗ്രീബോർഡുവേണ്ടെന്നുള്ള അടിയന്തിര പ്രമേയത്തിനെതിരായിവോട്ടുചെയ്തത് കാര്യങ്ങളുടെപോക്ക് എങ്ങോട്ടാണ് എന്ന് വ്യക്തമാക്കുന്നു. പി.സി.ടി. എ. യെക്കാൾ എത്രയോ അപഹാസ്യമായ സർക്കാർ-മാനേജ്മെൻറ് പ്രീണനനയമാണ് ഇവരുടെ അജൻെറയിലുള്ളത് എന്നുള്ളതിനു തെളിവാണ് മുകളിൽ സൂചിപ്പിച്ച കാര്യങ്ങൾ.

പത്രങ്ങളിൽകൂടി പ്രചരിപ്പിക്കാൻ ശ്രമിച്ച പിളർപ്പിന്റെ സാങ്കേതികവശത്തെപ്പററി അധികം പറയുന്നില്ല. വർക്കിംഗ് കമ്മററിയിൽപെട്ട ഒരാളൊഴികെ ആരും കോട്ടയം സംഘടനയിലില്ല. 400 ൽ പരം കൗൺസിൽ അംഗങ്ങളിൽ കൈവിരലിലെണ്ണാവുന്നവർ മാത്രമാണ് കോട്ടയംസംഘടനയിലുള്ളത്. കോട്ടയത്ത് ചേർന്ന നൂറിൽ താഴെ ആളുകളിൽ എം. ജി. കോളേജിലെ രാജേന്ദ്രൻ, ദേവീദാസൻ, സേതു, മട്ടനൂരെ കുമാരൻ നായർ, ധനുവച്ചപുരത്തെ ജി. കെ. പിള്ള തുടങ്ങിയ ഡി. സി. എസ്. എ. നേതാക്കളും പങ്കെടുത്തിരുന്നു എന്നുള്ളത് നിഷേധിക്കാനാവുമോ? സംഘടനയുടെ പരമാധികാരസഭയായ സ്റ്റേററ് കൗൺസിലിലെ നാനൂറിൽ

പ്പരം അംഗങ്ങളിൽ 351 പേരുടെ പിന്തുണയുണ്ടെങ്കിൽ കോട്ടയത്തു കളിച്ച 'പൊറാട്ടുനാടകം' ആവശ്യമായിരുന്നോ ?

സംഘടനയുടെ വികാസ പരിണാമങ്ങളുടെ ഘട്ടം ഘട്ടമായുള്ള ചരിത്രം പരിശോധിച്ചാൽ മനസിലാവുന്ന ഒരു കാര്യമുണ്ട്; ഈ സംഘടന അധികാരദുർമ്മോഹികളെയും, സ്വാർത്ഥ താൽപര്യക്കാരേയും അധികനാരം വച്ചുകൊണ്ടിരുന്നിട്ടില്ല. അധികാരത്തിൽ മാത്രം കണ്ണുംനട്ടുകൊണ്ട്, അദ്ധ്യാപകതാൽപര്യത്തെ അവഗണിക്കുന്ന നേതാക്കൻമാരെ അവരുടെ പാട്ടിനുവിടുന്ന ഉദാസീന നയം ഈ സംഘടന ഒരിക്കലും എടുത്തിട്ടില്ലെന്ന് ശ്രീ. എം. ആർ. ചന്ദ്രശേഖരനേപ്പോലെയുള്ളവർക്ക് അറിയാമല്ലോ.

എ. കെ. പി. സി. ടി. എ കോർഡിനേഷൻ കമ്മററിയുടെ പേരിൽ ഇറക്കിയിരിക്കുന്ന കുറിപ്പിൽ, സംഘടന നടത്തിയ ത്യാഗോജ്വലങ്ങളായ സമരങ്ങളുടെയും, നേടിയ നേട്ടങ്ങളുടെയും ഒരു നീണ്ട പട്ടിക കൊടുത്തിട്ടുണ്ട്. കൊല്ലം കൺവൻഷനിൽ അംഗീകരിച്ച അവകാശപത്രിക ഉൾപ്പെടെ ഇനിയും നേടിയെടുക്കേണ്ട അടിയന്തിരമായ ആവശ്യങ്ങളുടെ കാര്യവും പറയുന്നുണ്ട്. പക്ഷേ അവ നേടിയെടുക്കാനുള്ള മാർഗമായി, ആവശ്യം വരുന്ന പക്ഷം, പണിമുടക്കുസമരം നടത്തുന്നതിൻെറ പേരിൽ ഇന്ന് സംഘടനയെ കുററപ്പെടുത്തുന്നുമുണ്ട്. ഒരു കാലത്തും ശമ്പളം കളഞ്ഞ് സമരം ചെയ്യാനുള്ള ത്യാഗസന്നദ്ധത കാണിക്കാതിരിക്കുകയും, മററുള്ളവർ ത്യാഗം സഹിച്ചു നേടിയെടുക്കുന്നതൊക്കെയാതൊരു 'ഉളുപ്പു' മില്ലാതെ അനുഭവിക്കുകയും ചെയ്യുന്ന കോളേജ് അദ്ധ്യാപകരെക്കൂടി തങ്ങളുടെ സംഘടനയിൽ ചേർക്കാമെന്നുള്ള മോഹമായിരിക്കും ഈ സമരവിരോധത്തിനുകാരണം. മാത്രമല്ല മാനേജരുടെയും സർക്കാരിൻെറയും പ്രീതിക്ക് വിധേയരാകാമെന്ന മോഹവും ഇതിൻെറ പിന്നിലുണ്ട്. എ. കെ. പി. സി. ടി. എ പ്രൈവററ് കോളേജദ്ധ്യാപകരംഗത്തെ ഏററവും വലിയ സംഘടനയായത്, അത് നടത്തിയ ഉജ്വലസമരങ്ങളുടെയും, അതുമൂലം നേടിയെടുത്ത നേട്ടങ്ങളുടെയും പേരിലാണ്. സമരവിരോധികളെ അംഗങ്ങളാക്കി ചേർത്തും, മാനേജരേയും സർക്കാരിനേയും പ്രീണിപ്പിച്ചും ഒരു സംഘടന ഉണ്ടാക്കിയാൽ അതിന് അധികനാരം നിലനിൽക്കാനാവുകയില്ലെന്ന് കോട്ടയം സംഘടനക്കാർക്ക് അടുത്തു തന്നെ മനസിലാകും.

കോളേജ് അദ്ധ്യാപകനെ ഇന്ന് നേരിടുന്ന പല പ്രധാന പ്രശ്നങ്ങളുമുണ്ട്. പ്രിഡിഗ്രി ബോർഡ് രൂപീകരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ; ഓട്ടോണമസ് കോളേജ് അനുവദിക്കുക വഴി അദ്ധ്യാപകൻ നേടിയ നേട്ടങ്ങളെല്ലാം നഷ്ടപ്പെടുന്ന പ്രശ്നങ്ങൾ, പുത്തൻ വിദ്യാഭ്യാസനയം രൂപപ്പെട്ടുവരുമ്പോൾ അദ്ധ്യാപകനനുഭവിക്കേണ്ടിവരുന്ന ദുരിതങ്ങൾ, അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും വിദ്യാഭ്യാസരംഗത്തെ ഉപഘടകമാക്കി മാററിയിട്ട്, മാനേജരേയും ബ്യൂറോക്രസിയിലെ നിക്ഷിപ്ത താൽപര്യക്കാരേയും മുഖ്യഘടകമാക്കി മാററാനുള്ള ശ്രമങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ-ഇവയെല്ലാം നേരിടേണ്ടിയിരിക്കുന്നു. ജൂനിയർ അദ്ധ്യാപകരുടെ പേരിൽ മുതലക്കണ്ണീരൊഴുക്കുന്ന പുത്തൻ സംഘടനാനേതാക്കൾ പ്രിഡിഗ്രിബോർഡ് വരുമ്പോൾ ജൂണിയർ അദ്ധ്യാപകർക്ക്, യൂണിവേഴ്സിററി അദ്ധ്യാപകൻെറ് അന്തസ് നഷ്ടപ്പെടും എന്ന് വ്യക്തമായിഅറിയാമെന്നിരിക്കെ, സെനററിൽ പ്രീഡിഗ്രി ബോർഡ് ഉൾപ്പെടെയുള്ള ആദിശേഷയ്യാകമ്മീഷൻ റിപ്പോർട്ടിനെ അനുകൂലിച്ച ശേഷം ഏതുമുഖവുമായി അധ്യാപകരെ അഭിമുഖീകരിക്കും. സ്വന്തം ദിവാസ്വപ്നങ്ങൾ അനുസരിച്ച് ഒരുസ്റേററിൻെറ വിദ്യാഭ്യാസ നയം രൂപപ്പെടുത്താൻ ശ്രമിക്കുന്ന, വീക്ഷണലോപം വന്ന ഒരു വിദ്യാഭ്യാസമന്ത്രിയുടെ പക്കൽ നിന്നും കിട്ടാവുന്ന ചില ചില്ലറ ആനുകൂല്യങ്ങൾക്കുവേണ്ടി അധ്യാപകരെ മുഴുവൻ ഒററിക്കൊടുക്കുന്ന കോട്ടയം സംഘടനാനേതാക്കളെ അദ്ധ്യാപകസമൂഹം തള്ളിക്കളയും. സ്വാർത്ഥതയും സ്ഥാനമോഹവും വ്യക്തിവിരോധവും കൊണ്ട് കാഴ്ചപ്പാട് നഷ്ടപ്പെട്ട ഈ മുൻകാല അദ്ധ്യാപകനേതാക്കളോട് ഒരപേക്ഷ: വികാരാധിക്യത്താൽ ബുദ്ധിനാശം സംഭവിച്ചിരിക്കുന്ന നിങ്ങൾ ഈ പിളർപ്പൻ പദ്ധതിയിൽ നിന്നു പിൻമാറണം. അങ്ങനെ ചെയ്യുന്നില്ലെങ്കിൽ "വണ്ടേ നീ തുലയുന്നു" എന്നേ പറയാനുള്ളൂ.

കേരളത്തിലെ പ്രൈവററ് കോളേജധ്യാപകരുടെ സംഘടിതശക്തി മുമ്പെന്നപോലെ ഇത്തവണയും വിളക്കുകെടാതെ സൂക്ഷിച്ചുകൊള്ളും. □

## പ്രീഡിഗ്രി ബോർഡും
## ഓപ്പൺ യൂണിവേഴ്സിററിയും

# സർക്കാർനീക്കം അപകടകരം

പ്രൊഫ. ടി ഗോപാലകൃഷ്ണൻ
പ്രസിഡൻറ് എ. കെ. പി. സി. ടി. എ.

കേരളത്തിലെ ഇന്നത്തെ സാമൂഹ്യ സാമ്പത്തിക സാഹചര്യങ്ങൾക്ക് അനുയോജ്യമല്ലാത്തതും വിദ്യാഭ്യാസ വിരുദ്ധവുമായ ഒരു സമീപനത്തിൻെറ വ്യക്തമായ പ്രതിഫലനമായ മാൽകം ആദിശേഷയ്യാ കമ്മീഷൻ റിപ്പോർട്ടിലെ ചില ശുപാർശകളിന്മേൽ ധൃതിപിടിച്ച്തീരുമാനങ്ങൾ കൈക്കൊണ്ട്മുന്നോട്ടുപോകാൻ സർക്കാർ തീരുമാനിച്ചിരിക്കുന്നതിൽ വിദ്യാഭ്യാസകാര്യങ്ങളിൽ താല്പര്യമുള്ളവർക്കൊക്കെ ശക്തമായ പ്രതിഷേധവും അമർഷവുമുണ്ട്. ആദിശേഷയ്യാ കമ്മീഷൻ ശുപാർശകൾ കേരളത്തിലെ സാഹചര്യങ്ങൾക്കനുയോജ്യമല്ലെന്ന്, പരിശോധനയിൽ കണ്ട അദ്ധ്യാപക സംഘടനകളും വിദ്യാർത്ഥിപ്രസ്ഥാനങ്ങളും ബഹുജന പ്രസ്ഥാനങ്ങളും അവ പാടെ തള്ളിക്കളയണമെന്ന അഭിപ്രായമാണ് ഇതിനകം പ്രകടിപ്പിച്ചത്. സർവകലാശാലകളുടെ പ്രവർത്തനത്തെ വിലയിരുത്താൻ നിയമിക്കപ്പെട്ട കമ്മീഷൻെറ റിപ്പോർട്ടും ശുപാർശകളും തള്ളിക്കളയണമെന്നാണ് വിശദമായ ചർച്ചകൾക്കു ശേഷം കേരള സർവകലാശാലാസെനററ് അഭിപ്രായപ്പെട്ടിരിക്കുന്നത്. കമ്മീഷൻ ശുപാർശകളെക്കുറിച്ചുള്ള കാലിക്കട്ട് യൂണിവേഴ്സിററി സെനററ് ചർച്ച പൂർത്തിയായിട്ടില്ല. ഒരന്തിമ തീരുമാനം സെനററ് കൈക്കൊണ്ടില്ലെങ്കിലും ശുപാർശകളെക്കുറിച്ച് അതിശക്തമായ എതിർപ്പാണ് അംഗങ്ങൾ പ്രകടിപ്പിച്ചത്. സർക്കാരിന് തന്നെ കമ്മീഷൻ ശുപാർശകളിൽ മൊത്തത്തിൽ ഒരു തീരുമാനം കൈകൊള്ളാൻ ഇതേവരെ കഴിഞ്ഞിട്ടില്ലെന്നാണ് മനസിലായിരിക്കുന്നത്. ഇതിനകം പ്രകടിപ്പിക്കപ്പെട്ട ശക്തമായ എതിർപ്പുകൾ അവഗണിച്ച്, എന്തെങ്കിലും "മുട്ടുന്യായ"ങ്ങൾ പറഞ്ഞു തങ്ങൾക്ക് "സ്വീകാര്യ"മായ ശുപാർശകളൊക്കെ ഇഷ്ടമായ രീതിയിൽ ഇവിടെ നടപ്പാക്കുമെന്ന് സർക്കാർ തീരുമാനിച്ചാൽ നാട്ടിൽ വളരെ അപകടകരമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുമെന്ന് എടുത്തു പറയേണ്ട കാര്യമുണ്ടെന്ന് തോന്നുന്നില്ല. കേരളത്തിലെവിദ്യാഭ്യാസ മണ്ഡലവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന എല്ലാവരുമായി വിശദമായ ചർച്ചനടത്തി ഒരു അഭിപ്രായ ഐക്യമായതിനുശേഷം മാത്രംനടപ്പാക്കേണ്ട ചില പരിഷ്കാരങ്ങൾ ആവശ്യമായതൊന്നും നടത്താതെ നടപ്പാക്കാൻ സർക്കാർ കാണിക്കുന്ന തിടുക്കം സർക്കാരിൻെറ ഉദ്ദേശ ശുദ്ധിയിൽ തന്നെ സംശയം ജനിപ്പിക്കുന്നു.

പ്രീഡിഗ്രിബോർഡ് രൂപീകരണ

വും ഓപ്പൺ യൂണിവേഴ്സിററി സ്ഥാപിക്കലും ആദിശേഷയ്യാ കമ്മീഷൻ റിപ്പോർട്ടിലെ രണ്ടു ശുപാർശകളാണ്. ഈ ശുപാർശകൾ സംബന്ധിച്ച് പ്രകടിപ്പിക്കപ്പെട്ടു കഴിഞ്ഞ വ്യാപകമായ എതിർപ്പുകൾ കണക്കിലെടുക്കാതെ, ലേശം യാഥാർത്ഥ്യ ബോധം പോലുമില്ലാതെ പ്രീഡിഗ്രിക്ക് പ്രത്യേകമായൊരു ബോർഡ് രൂപീകരിച്ച് പ്രീഡിഗ്രി വിദ്യാഭ്യാസം ഉന്നത വിദ്യാഭ്യാസത്തിൽ നിന്നും വേർപ്പെടുത്താനും കേരളത്തിൽ ഒരു ഓപ്പൺ യൂണിവേഴ്സിററി സ്ഥാപിക്കാനുള്ള നീക്കം സർക്കാർ ആരംഭിച്ചിരിക്കുന്നു. വളരെ രഹസ്യമായ നീക്കങ്ങളാണ് സർക്കാർ ആദ്യം നടത്തിയതെന്ന വസ്തുത എടുത്തു പറയേണ്ടിയിരിക്കുന്നു. സ്വകാര്യ മേഖലയിൽ കുറെ പോളിടെക്നിക്കുകൾ ആരംഭിക്കാൻ സർക്കാർ തീരുമാനിച്ചതിനെ കേരളത്തിൽ ഉയർന്ന തരത്തിലുള്ള ജനരോഷം സർക്കാരിന്റെ പുതിയ നീക്കത്തിനെതിരെ ഉണ്ടാകുമെന്ന് കരുതിയിട്ടാവണം വളരെ രഹസ്യമായ നീക്കങ്ങൾ സർക്കാർ ആദ്യം നടത്തിയത്. ബോർഡു രൂപീകരണവുമായി ബന്ധപ്പെട്ട് ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചതിനെ കുറിച്ചും അദ്ദേഹം പ്രവർത്തനം ആരംഭിച്ചതിനെക്കുറിച്ചും ഒരു പത്രത്തിലും വാർത്ത വന്നിട്ടില്ല. ആദിശേഷയ്യാ കമ്മീഷൻ ശുപാർശകളെ കുറിച്ച് ബന്ധപ്പെട്ട എല്ലാവരുമായി വിശദമായ ചർച്ച നടത്തി ഒരു അഭിപ്രായ സമന്വയമായതിനു ശേഷം മാത്രമേ ശുപാർശകളിൻമേൽ എന്തെങ്കിലും ഒരു തീരുമാനമെടുക്കുകയുള്ളുവെന്ന് സംസ്ഥാന വിദ്യാഭ്യാസ മന്ത്രി ആവർത്തിച്ച് പരസ്യ പ്രഖ്യാപനം നടത്തിയിരുന്നതാണ്. സ്വന്തം പ്രഖ്യാപനങ്ങളും ഉറപ്പുകളും മറന്ന് വിദ്യാഭ്യാസരംഗത്ത് അരാജകത്വം സൃഷ്ടിക്കുന്നതിന് മാത്രം ഉതകുന്ന ചില ശുപാർശകൾ, എതിർപ്പുകൾ ഒക്കെ അവഗണിച്ച്കൊണ്ട് നടപ്പാക്കാൻ വിദ്യാഭ്യാസ മന്ത്രി തീരുമാനിച്ചിരിക്കുന്നു. ഈ തീരിമാനം തികച്ചും അപക്വവും യാഥാർത്ഥ്യങ്ങൾക്കു നിരക്കാത്തതുമാണ്. ആദിശേഷയ്യാ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകളെന്ന നിലയിലല്ല പ്രീഡിഗ്രി ബോർഡ് രൂപീകരിക്കുന്ന കാര്യവും ഓപ്പൺ യൂണിവേഴ്സിററി സ്ഥാപിക്കുന്ന കാര്യവും സർക്കാർ പരിഗണിക്കുന്നത് മറിച്ച് ഇവ രണ്ടും ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗങ്ങൾ ആണെന്നത് കൊണ്ടാണെന്ന വിദ്യാഭ്യാസമന്ത്രിയുടെ വാദം നിലനിൽക്കത്തക്കതല്ല. ഒരു പുതിയ ദേശീയ വിദ്യാഭ്യാസനയം ആവിഷ്കരിക്കുന്നത് സംബന്ധിച്ച് കേന്ദ്രസർക്കാർ തയ്യാറാക്കി ദേശീയതലത്തിൽ ചർച്ചയ്ക്ക് വേണ്ടി സമർപ്പിച്ചിരിക്കുന്ന സമീപന രേഖയെ ആസ്പദമാക്കിയുള്ള ചർച്ച നാട്ടിൽ നടക്കുന്നതേയുള്ളു. വർഷങ്ങൾക്കു മുമ്പ് അന്നത്തെ സാഹചര്യങ്ങൾ കണക്കിലെടുത്ത് തയ്യാറാക്കിയ +2 വിദ്യാഭ്യാസ പദ്ധതി പുതിയൊരു ദേശീയ നയം രൂപപ്പെട്ടു വരുന്നതിനു മുമ്പായി ധൃതിപിടിച്ച് ഇവിടെ നടപ്പാക്കാൻ വെമ്പൽകൊള്ളുന്നത് നല്ല ഉദ്ദേശത്തോടുകൂടിയാണെന്നു കരുതാൻ കഴിയില്ല. പ്രീഡിഗ്രി വിദ്യാഭ്യാസം കോളേജുകളിൽനിന്ന് വേർപ്പെടുത്തി ഒരു പ്രത്യേകബോർഡിന്റെ കീഴിലാക്കുന്നതുമൂലം ഉണ്ടാകാൻ പോകുന്ന ഗുണമെന്തെന്ന് സർക്കാരിനുപോലും പറയാനാവില്ല.

സ്വകാര്യവിദ്യാഭ്യാസ കച്ചവടക്കാർക്ക് മാററം പ്രയോജനം ചെയ്യുമെന്ന് മന്ത്രി പറയുമോ എന്നറിയില്ല. വിദ്യാഭ്യാസ രംഗത്ത് മൗലികമായ ഒരു മാററവും വരുത്താൽ സഹായകമല്ലാത്ത ഈ "അടർത്തിമാററൽ" പദ്ധതി പരാജയമായിരുന്നെന്ന് കേന്ദ്രസർക്കാർ പ്രസിദ്ധീകരിച്ച നയസമീപനരേഖയിൽ പറഞ്ഞിട്ടുമുണ്ട്. വൊക്കേഷണലൈസേഷൻ മുൻനിർത്തി ആവിഷ്കരിച്ച +2 പദ്ധതി ലക്ഷ്യം നേടുന്നതിൽ പരാജയപ്പെട്ടു. ഈ പദ്ധതിനടപ്പാക്കിയതിനെ തുടർന്ന് ചില സംസ്ഥാനങ്ങളിൽ വിദ്യാഭ്യാസ രംഗത്തുണ്ടായ കുഴപ്പങ്ങൾക്ക് ഇതേവരെ പരിഹാരമായിട്ടില്ല. +2 കോളേജുകളിൽ നിന്നും മാററണമെന്ന അഭിപ്രായം, ഈ പദ്ധതി പരാജയമായിരുന്നെന്നു കണ്ടുകഴിഞ്ഞ സാഹചര്യത്തിൽ പുനപ്പരിശോധിക്കണമെന്നതാണ് പല വിദ്യാഭ്യാസചിന്തകൻമാരുടേയും ഇന്നത്തെ അഭിപ്രായം. ഈ കാര്യത്തിൽ ഇനിയുമൊരഭിപ്രായസമന്വയമുണ്ടാകേണ്ടിയിരിക്കുന്നു. അതൊന്നുമാകാതെ "പരിഷ്കാരം" നടപ്പാക്കാൻ തിടുക്കം കാണിക്കുന്നത് വിദ്യാഭ്യാസേതര താൽപര്യങ്ങൾ കൊണ്ടുമാത്രമാണ്.

കേരളത്തിലെ സാഹചര്യങ്ങൾ ഇതര സംസ്ഥാനങ്ങളിലേതിൽ നിന്നും വ്യത്യസ്തമാണെന്ന് എടുത്തുപറയേണ്ടതില്ല. വിവിധ കാരണങ്ങളാൽ പ്രീഡിഗ്രിവിദ്യാഭ്യാസം ഇവിടെ ഉന്നത വിദ്യാഭ്യാസതലത്തിൽ വേരൂന്നി വികസിച്ചു കഴിഞ്ഞിരിക്കുന്നു. അത് സെക്കണ്ടറി തലത്തിലേക്ക് ഇപ്പോൾ മാററാൻ തുനിയുന്നത് പല വലിയ വിനകൾക്കും കാരണമാകും. കോളേജുകളിൽ ഇന്ന് എം.എ., എം. എസ് സിക്കു വരെ പ്രയോഗിക്കുന്ന പഠന സൗകര്യങ്ങൾ പ്രിഡിഗ്രി വിദ്യാഭ്യാസത്തിന് പ്രയോജനപ്പെടുത്താൻ കഴിയുന്നുണ്ടെന്ന വസ്തുത അവഗണിക്കാൻ കഴിയുമോ? അധ്യാപന കാര്യത്തിലും പരിചയ സമ്പന്നരായ അധ്യാപകരുടെ സേവനം പ്രീഡിഗ്രി വിദ്യാർത്ഥികൾക്ക് ലഭിക്കുന്നുണ്ട്. പ്രിഡിഗ്രിവിദ്യാഭ്യാസം സെക്കണ്ടറി തലത്തിലേക്ക് മാററിയാൽ അവിടെ മേൽപ്പറഞ്ഞ സൗകര്യവും സാഹചര്യവും ഇന്നില്ലെന്നതിനാൽ നിലവാരത്തകർച്ച ഉണ്ടാകുമെന്നതിൽ പക്ഷാന്തരമില്ല. നിലവാരത്തകർച്ച ഉണ്ടാക്കുന്ന ഒരു മാററം വിദ്യാർഥികൾക്കുവേണ്ടിയാണോ? ഡിഗ്രിവിദ്യാഭ്യാസം മാത്രം കോളേജുകളിൽ ആയാൽ അതിന് എന്തെങ്കിലും പ്രത്യേകമെച്ചമുണ്ടാകുമെന്നുകരുതാനും കാരണമില്ല. അദ്ധ്യാപകരേയും ഇതരജീവനക്കാരെയും സംബന്ധിച്ചാണെങ്കിൽ മന്ത്രിയുടെ പരിഷ്കാരം ഇവിടെ കുഴപ്പങ്ങൾ സൃഷ്ടിക്കുവാൻ മാത്രമേ ഉതകൂ. സ്വകാര്യ വിദ്യാഭ്യാസ വ്യാപാരികൾക്കു മാത്രമായിരിക്കും പരിഷ്കാരം കൊണ്ട് പ്രയോജനം ഉണ്ടാകുക. കുറച്ചു പോളിടെക്നിക്കുകൾ ആരംഭിക്കാൻ സ്വകാര്യമേഖലക്ക് അനുവാദം നൽകാൻ കഴിയാത്തതിൽ വിദ്യാഭ്യാസ മന്ത്രിക്കു കടുത്തനിരുശയുണ്ടെങ്കിലും സ്വകാര്യമേഖലയെ പ്രീണിപ്പിക്കുന്നതിനുവേണ്ടിമാത്രമായി പ്രീഡിഗ്രവിദ്യാഭ്യാസം സെക്കണ്ടറിതലത്തിലേക്ക് മാററുന്നു എന്നു മന്ത്രി പറയുമെന്നു തോന്നുന്നില്ല. "പരിഷ്കാരം" മൂലമുണ്ടാകാൻ ഇടയുള്ള അധികസാമ്പത്തിക ബാധ്യതയെ

ക്കുറിച്ച് സർക്കാരിനെന്താണു പറയാനുള്ളത് ? അദ്ധ്യാപകർക്കും സർക്കാർ ജീവനക്കാർക്കും ശമ്പള പരിഷ്കാരത്തിൻെറ ഭാഗമായി ലഭിക്കേണ്ട ആനുകൂല്യങ്ങൾ തട്ടിപ്പറിച്ചു. ദൈനംദിനം ചെലവുകൾ നടത്തുന്നതിനു പണമില്ലെന്ന് പറയുന്നസർക്കാർ, പ്രീഡിഗ്രി കോഴ്സുകൾ നടത്തുന്നതിനുള്ള സൗകര്യം ഇല്ലാത്തവയെന്നു കരുതപ്പെടുന്ന സർക്കാർ സ്കൂളുകളിലെ സൗകര്യങ്ങൾ പണം ചെലവുചെയ്തു മെച്ചപ്പെടുത്തുമോ ? അതുചെയ്യാൻ മുതിരാത്ത സർക്കാർ പ്രീഡിഗ്രി വിദ്യാഭ്യാസം ആർക്കായിരിക്കും അടിയറ വെക്കുക?

ഓപ്പൺ യൂണിവേഴ്സിററികൾ സ്ഥാപിക്കുന്നതിൻെറ ഉദ്ദേശം അനൗപചാരിക വിദ്യാഭ്യാസം പ്രോൽസാഹിപ്പിക്കുകയെന്നതാണ്. ഇന്ന് ഇൻഡ്യയിൽ പ്രവർത്തിക്കുന്ന പല ഓപ്പൺ യൂണിവേഴ്സിററികളുടെയും ലക്ഷ്യമതാണ്. പക്ഷെ കേരളത്തിൽ സ്ഥാപിക്കുവാനുദ്ദേശിക്കുന്ന ഓപ്പൺ യൂണിവേഴ്സിററിയുടെ ലക്ഷ്യം ഇന്ന് കേരളത്തിൽ നിലവിലുള്ള മൂന്ന് പ്രമുഖ യൂണിവേഴ്സിററികൾ ചെയ്തുവരുന്ന ജോലി പങ്കിട്ടെടുക്കുകയെന്നതാണ്. ചുരുക്കത്തിൽ പ്രീഡിഗ്രി ബോർഡും ഓപ്പൺയൂണിവേഴ്സിററിയും രൂപീകരിച്ചു കഴിഞ്ഞാൽ നിലവിലുള്ള യൂണിവേഴ്സിററികൾക്ക് നിലനിൽക്കാൻ കഴിയാതെയാകുമെന്നതിൽ സംശയമില്ല. സർവകലാശാലകളുടെ വരുമാനത്തിൻെറ ഒരു വലിയ പങ്ക്ഇല്ലാതാകുമെന്നത് വ്യക്തമാണ് ജീവനക്കാരുടെ പ്രശ്നങ്ങൾ സങ്കീർണ്ണമാകും. ഇത് സർക്കാരിന് പ്രശ്നമല്ലായിരിക്കും. 'സർക്കാർ'പരിഷ്കാരം' കോളേജുകളേയും അവിടെ പ്രവൃത്തിയെടുക്കുന്ന ജീവനക്കാരേയും വളരെ പ്രതികൂലമായി ബാധിക്കും. ഇന്നുള്ളതിൻെറ 40%ത്തിൽ പരം അധ്യാപകർ, ബോർഡ് രൂപീകരണത്തെത്തുടർന്ന്, കോളേജുകളിൽ അധികമാകും. ഈ "പരിഷ്കാരം" നടപ്പാക്കിയ മഹാരാഷ്ട്രയിലും മററും അധ്യാപകർ അനുഭവിച്ചുവരുന്നബുദ്ധിമുട്ടുകൾ കുറച്ചൊന്നുമല്ല. ഇതിവിടെ നടപ്പാക്കിയാൽ, ഒരു യൂണിവേഴ്സിററിയുമായിഅഫിലിയേററുചെയ്തഒരു സ്ഥാപനത്തിലെ അധ്യാപകനെന്ന നിലയിൽ അധ്യാപകനിന്നുള്ള പല ആനുകൂല്യങ്ങളും അംഗീകാരവും നഷ്ടമാകുകയും ചെയ്യും.

ചുരുക്കത്തിൽ സർക്കാരിൻെറ നീക്കവും നടപടികളുംഉന്നത വിദ്യാഭ്യാസരംഗവുമായി ബന്ധപ്പെട്ടുനിൽക്കുന്ന എല്ലാ വിഭാഗത്തിൻെറയും താൽപര്യങ്ങൾ അപകടത്തിലാക്കും. സ്വകാര്യമേഖലക്ക് പുതിയൊരു "കച്ചവടസാധ്യത"തുറന്നു കൊടുക്കുമെന്നതായിരിക്കും സർക്കാർ പരിഷ്കാരത്തിൻെറ ഒരേയൊരു പ്രയോജനം. സർക്കാരിൻെറ തെററായ നീക്കത്തെ സർവശക്തിയുമുപയോഗിച്ച് ചെറുക്കുമെന്ന് ജീവനക്കാരും വിദ്യാർഥിവർഗവും പ്രതിജ്ഞചെയ്തിട്ടുണ്ട്. തെററായ തീരുമാനങ്ങളും നടപടികളും വഴി ജീവനക്കാരെയും വിദ്യാർഥികളേയും ഒരു വലിയ സമരത്തിലേക്ക് തള്ളിവിടാൻ സർക്കാർ മുതിരരുത്. അപകടകരമായ ഇന്നത്തെ നീക്കങ്ങൾ നിർത്തിവെച്ച് പ്രശ്നങ്ങളെക്കുറിച്ച് വിദ്യാഭ്യാ

# കോട്ടയത്ത് അരങ്ങേറിയ ഹാസ്യനാടകം

പ്രൊഫ വി. നാരായണൻകുട്ടി
ജനറൽ സെക്രട്ടറി, എ കെ പി സി ടി എ

എ കെ പിസിടി എ യുടെ സംസ്ഥാന കൗൺസിൽ തിരഞ്ഞെടുത്ത ഭാരവാഹികളെ ചിലർ കോട്ടയത്തുചേർന്ന് നീക്കം ചെയ്തതായി ചില പത്രങ്ങളിൽ വന്ന വാർത്ത വളരെ മിതമായി പറഞ്ഞാൽ അസംബന്ധമാണ്. രണ്ട് മാസമായി കേരളത്തിൽ അങ്ങോളമിങ്ങോളമോടിനടന്നിട്ടും നൂറധ്യാപകരെ കോട്ടയത്ത് സംഘടിപ്പിക്കാൻപോലും കഴിയാത്ത ഇവർ ഈ അനധികൃതയോഗത്തിൽ 351 കൗൺസിലർമാർ പങ്കെടുത്തുവെന്നു പറയുന്നത് അതിലേറെ വിചിത്രമാണ്. സംഘടനയുടെ സ്റ്റേററ് കൗൺസിൽ യോഗം ഡിസംബർ ആദ്യവാരമാണ് നടന്നത്. യോഗം ഈ ഭാഗ്യാന്വേഷികളുയർത്തുന്ന വെല്ലുവിളികളെ നേരിടുവാൻ ഏകകണ്ഠമായാണ് തീരുമാനിച്ചത്. സംഘടനയുടെ പ്രവർത്തക സമിതിയും ഏകകണ്ഠമായി തന്നെ ഇവരുടെ പിളർപ്പൻതന്ത്രങ്ങളെ നേരിട്ടു പരാജയപ്പെടുത്താൻ തീരുമാനിച്ചു.

ഈ പുത്തൻസംഘടനയുടെ ഭാരവാഹികളായി പ്രഖ്യാപിക്കപ്പെട്ടവരെയെല്ലാം തന്നെ സംഘടനയുടെ പരമാധികാര സഭയായ സ്റ്റേററ് കൗൺസിൽ സംഘടനാതിരഞ്ഞെടുപ്പിൽ കൂടെ പുറന്തള്ളിയതാണ്. പ്രസിഡണ്ടുപദം ചമഞ്ഞിരിയ്ക്കുന്ന ശ്രീ. ചന്ദ്രശേഖരനും വൈസ് പ്രസിഡണ്ടായി പ്രഖ്യാപിക്കപ്പെട്ട ദേഹവും സംഘടനയുടെ പ്രാഥമികാംഗങ്ങളുംപോലുമല്ല.

സരംഗവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന എല്ലാവരുമായി വിശദമായ ചർച്ചനടത്താൻ സർക്കാർ തയ്യാറാകണമെന്നുംഒരുഅഭിപ്രായസമന്വയം ആകാതെ "പരിഷ്കാര"ങ്ങൾ നടപ്പാക്കാൻ മുതിരരുതെന്നുമാണ് ഞങ്ങൾക്കു പറയുവാനുള്ളത്. പുത്തൻ വിദ്യാഭ്യാസനയം ആവിഷ്കരിക്കുന്നത് സംബന്ധിച്ച് കേന്ദ്രസർക്കാർ സ്വീകരിച്ചിരിക്കുന്ന മാതൃകയെങ്കിലും കേരളസർക്കാർ സ്വീകരിക്കേണ്ടതാണ്. തെററായ നീക്കങ്ങൾ ഉപേക്ഷിക്കാൻ സർക്കാർ തയ്യാറാകുന്നില്ലെങ്കിൽ സർക്കാരിൻെറ നിലപാടിൽ മാററം വരുത്തുന്നതിനുവേണ്ടി ശക്തമായ സമരം ആരംഭിക്കേണ്ടിവരുമെന്ന് സർക്കാരിനെ ഓർമിപ്പിക്കുന്നു. ജീവനക്കാരുടെ അസ്തിത്വത്തെതന്നെ പ്രതികൂലമായി ബാധിക്കുന്ന നീക്കങ്ങൾ വരുമ്പോൾ തിരിച്ചടിക്കാതിരിക്കാൻ ജീവനക്കാർക്കുകഴിയില്ല.

## കോടാലിക്കൈകൾ

മരം മുറിക്കാനുള്ള കോടാലിക്ക് കൈ മരം തന്നെ.

പ്രീഡിഗ്രി ബോർഡു രൂപീകരിക്കപ്പെട്ടാൽ 5000ത്തോളം കോളേജധ്യാപകർ പുറത്തുപോകേണ്ടിവരും. ഈ അപകടം ഒഴിവാക്കാൻ എ. കെ. പി. സി. ടി. എ. സമരരംഗത്താണ്. എന്നാൽ സംഘടനയിൽനിന്നും പുറത്താക്കപ്പെട്ട ഒരു സെനററ് മെമ്പർ പ്രീഡിഗ്രിബോർഡ് രൂപീകരിക്കരുതെന്നുള്ള അടിയന്തിര പ്രമേയത്തിനെതിരേ സെനററിൽ വോട്ടുചെയ്തു. ഇദ്ദേഹം തന്നെയാണ് കോട്ടയത്ത് അധ്യാപകരെ 'സേവിക്കാൻ' സംഘടനയുണ്ടാക്കുന്നതും.

## സത്യസന്ധതയും അധ്യാപകരും

മററുള്ളവരെക്കാരം അധ്യാപകർ മാതൃകാപരമായ സത്യസന്ധത പാലിക്കുമെന്നാണ് ജനങ്ങളുടെ വിശ്വാസം. പക്ഷേ കാലം മാറിയിരിക്കുന്നു. ചെറിയ ചെറിയ മോഹങ്ങരം സാധിക്കാൻ വലിയ വലിയ കള്ളങ്ങരം പറയുന്നവരായി അവരിൽ ചിലർ അധഃപതിച്ചിരിക്കുന്നു. നോക്കുക;

(1) പ്രൊഫ. എം. ആർ. ചന്ദ്രശേഖരൻ കോട്ടയത്തു നടത്തിയെന്നു പറയുന്ന യോഗത്തിൽ എ കെ പി സി ടി എ യിലെ 25 കൗൺസിലറൻമാർ പോലും പങ്കെടുത്തിരുന്നില്ല. പക്ഷേ ചന്ദ്രശേഖരൻ പത്രക്കാരോട് ആകെയുള്ള 400ൽപ്പരം കൗൺസിലറൻമാരിൽ 351 പേർ പങ്കെടുത്തുവെന്ന പച്ചക്കള്ളം പറയുന്നു.

(2) എ കെ പി. സി ടി എ യുടെ സമുന്നത സമിതിയായ പ്രവർത്തക സമിതിയിൽ നിന്നും ഒരേ ഒരാരം മാത്രമാണ് കോട്ടയത്തു പങ്കെടുത്തത്. മററെല്ലാവരും ചന്ദ്രശേഖരൻെറ നീക്കത്തെ പുഛിച്ചുതള്ളുന്നു. ഒരാളിനെ വച്ചുകൊണ്ടാണ് അദ്ദേഹം എ കെ പി സി ടി എ യിൽ പിളർപ്പുണ്ടാക്കുന്നത്!

(3) എൻ. എസ്. എസിലെ മാനേജർ സംഘടനയായ ഡി. സി. എസ്. എ. യുടെ മുൻഭാരവാഹികളായ ജി. കെ. പിള്ള, രാജേന്ദ്രൻ, കുമാരൻനായർ സേതു തുടങ്ങിയവരായിരുന്നു കോട്ടയത്തു പങ്കെടുത്തവർ. പ്രൊഫ. ചന്ദ്രശേഖരൻ ഇവരെയാണ് എ. കെ. പി. സി. ടി. എ. കൗൺസിലേഴ്സായി അവതരിപ്പിക്കുന്നത്.

പ്രൊഫ. ചന്ദ്രശേഖരൻ, റിട്ടയർമെൻറിൻെറ ഈ അന്ത്യനാളുകളിൽ ഒരുകെട്ടുകള്ളങ്ങളുമായിവന്ന് അധ്യാപകരുടെ ചിന്താശക്തിക്കു നേരേ കൊഞ്ഞനം കുത്തുകയാണ്.

---

ജനറൽ സെക്രട്ടറിയാണെന്ന് പറയുന്ന ശ്രീ. ചാക്കോ കഴിഞ്ഞ മാർച്ചിൽ നടന്ന തിരഞ്ഞെടുപ്പിൽ ഇതേ സ്ഥാനത്തേയ്ക്ക് മൽസരിച്ച് വമ്പിച്ച ഭൂരിപക്ഷത്തോടെ തോൽപ്പിക്കപ്പെട്ടദേഹമാണ്. സ്വന്തം കോളേജ് ബ്രാഞ്ചുകളുടെ പോലും അംഗീകാരം നേടാൻ കഴിയാത്ത ഇവർ സ്വയം ഭാരവാഹികളായി പ്രഖ്യാപിച്ച് തങ്ങളുടെ സ്ഥാനമോഹത്തെ സമാധാനിപ്പിയ്ക്കുകയാണ്. കോട്ടയത്ത് യോഗത്തിൽ പങ്കെടുത്തുവെന്ന് പറയുന്ന 351 കൗൺസിലർമാരിൽ 50 പേരുടെ പേർ പ്രഖ്യാപിയ്ക്കാൻ ഞാനവരെ വെല്ലുവിളിയ്ക്കുന്നു.

പത്തു കൊല്ലം മുമ്പ് പി സി ടി എ ക്കാർ സ്ഥാനമാനങ്ങരംക്ക് വേണ്ടി പുറത്ത് പോയപ്പോരം പൊക്കിക്കാണിച്ച മാർക്സിസ്ററ് ഇമ്പാച്ചി തന്നെയാണ് ഇവരും എററുപറയുന്നത്. അച്ചടക്കലംഘനത്തിന് ഇന്നും മാർക്സിസ്ററു പാർട്ടിക്കാരായ ചിലരെ ഈ സംഘടന പുറത്താക്കിയത് ഈയിടെയാണ്. മാർക്സിസ്ററ് വിരോധം പറഞ്ഞു സംഘടനയുടെ സമരവീര്യം കെടുത്താൻ ആരും ശ്രമിച്ചിട്ടു കാര്യമില്ല. ഈ സംഘടനയിൽ എല്ലാ രാഷ്ട്രീയാഭിപ്രായമുള്ളവരുമുണ്ട്. അതിൽ മാർക്സിസ്ററ് ആശയക്കാരെ മാത്രം പുറംതള്ളുവാൻ ഇവർ നടത്തിയ ശ്രമങ്ങളെല്ലാം പരാജയപ്പെട്ടതുകൊണ്ടാണ് ഇപ്പോരം മാർക്സിസ്ററ് വിരോധം പറഞ്ഞു നടക്കുന്നത്. കമ്മ്യൂണിസ്ററുകാരെ ഒററപ്പെടുത്തി വേട്ടയാടുന്ന മെക്കാർത്തിസം എ. കെ. പി.സി.ടി.എ. ഒരു കാലത്തും ഒരു വിശ്വാസ പ്രമാണമായി അംഗീകരിച്ചിട്ടില്ല.

സിൻറിക്കേററ് സ്ഥാനം മോഹിച്ച് അച്ചടക്കം ലംഘിച്ചതിനെ തുടർന്ന് സംഘടനയിൽ നിന്ന് പുറത്തു പോകേണ്ടി വന്ന ശ്രീ. എം. ആർ. ചന്ദ്രശേഖരനും അദ്ദേഹത്തിനു വേണ്ടി സംഘടന പിടിച്ചെടുക്കാൻ സംഘടനാതിരഞ്ഞെടുപ്പിൽ മൽസരിച്ച് പരാജയപ്പെട്ട ശ്രീ. കെ. സി. ചാക്കോയും മററും ചേർന്ന് കഴിഞ്ഞ ആഗസ്ററ് മാസത്തിൽ നടന്ന എൻ. ജി. ഒ. മാരുടെയും അധ്യാപകരുടെയും ഐതിഹാസിക സമരത്തിൽപോലും സാമ്പത്തിക ദാഹംകാരണം പങ്കെടുക്കാത്ത സ്ഥിരം കരിങ്കാലികളായ ചിലരെ സംഘടിപ്പിച്ചുണ്ടാക്കിയ ഈ സംഘടന കേരളത്തിലെ ഉജ്ജ്വലമായ സമരപാരമ്പര്യമുള്ള സർവീസ് സംഘടനകരംക്ക് കണ്ണു തട്ടാതിരിയ്ക്കാനുള്ള ഒരു നോക്കു കുത്തി മാത്രമായിരിയ്ക്കും. കഴിഞ്ഞ ഒന്നര വർഷമായി തങ്ങളുടെ കയ്യിലൊതുങ്ങുന്ന ഒരു സംഘടനയുണ്ടാക്കുവാൻ ഇവർ അനുയായികളെ തേടി നടക്കുകയായിരുന്നു. സമരം വന്നപ്പോരം

കുറെ കരിങ്കാലികൾ കയ്യിലൊതുങ്ങി കിട്ടി. സ്ഥാന മോഹികൾക്ക് സംതൃപ്തിയും കരിങ്കാലികൾക്ക് നാണക്കേടില്ലായ്മയും ലഭിയ്ക്കുവാൻ ഇതുപകരിയ്ക്കുമായിരിയ്ക്കും.

സർവ്വകലാശാലാ ഭരണസമിതികളിലെ ശീതളഛായ ശീലിച്ചു കഴിഞ്ഞ ഈ മുൻകാല നേതാക്കൻമാർക്കിന്ന് സംഘടനയുടെ സമര പാരമ്പര്യവും അവകാശ സമരങ്ങളുമെല്ലാം കരിങ്കാലികൾക്കെന്നപോലെ അസഹ്യമായിത്തീർന്നിരിയ്ക്കുന്നു. നാണംകെട്ട് പണമുണ്ടാക്കുന്ന കരിങ്കാലികളും സംഘടനാ പ്രവർത്തനത്തെ ലാഭക്കച്ചവടമായിക്കാണുന്നു. ഇവർ എല്ലാ അർത്ഥത്തിലും സമാന മനസ്കർ തന്നെ. കേരളത്തിലെ പ്രമുഖ കോർപ്പറേററു മാനേജ്മെൻറുകളും അവരുടെ രാഷ്ട്രീയ ബാഹുക്കളായ സംഘടനകളുമായി ഇവർക്കുള്ള ബന്ധം ഇന്നൊരു രഹസ്യമല്ല. തങ്ങൾ കണ്ടെത്തിയ ഈ പുതിയ യജമാനൻമാരെ പ്രീതിപ്പെടുത്തുവാനും അവർക്കിപ്പോൾ കഴിഞ്ഞിട്ടുണ്ട്. പ്രീ-ഡിഗ്രി വിഭജനമടക്കമുള്ള അധ്യാപകദ്രോഹം ശുപാർശ ചെയ്യുന്ന ആദിശേഷയ്യാ കമ്മീഷൻ റിപ്പോർട്ടിനെ ഇക്കൂട്ടർ രണ്ടു കയ്യും നീട്ടി സ്വാഗതം ചെയ്തിട്ടുള്ളതുതന്നെ അധ്യാപക താൽപര്യത്തിൽ നിന്ന് ഇവരെത്രമാത്രം അകന്നു പോയിട്ടുണ്ടെന്ന് വ്യക്തമാക്കുന്നു.

പ്രൈവററ് കോളേജ് അധ്യാപകരുടെ എല്ലാമെല്ലാമായ ഈ സംഘടനക്ക് ഒരു പോറലേൽപിക്കാൻ പോലും ഇവർക്ക് സാധ്യമല്ല. മെമ്പർഷിപ്പ് ബഹിഷ്കരിക്കാൻ അവർ കൊടുത്ത അഹ്വാനം അംഗങ്ങൾ തള്ളിക്കളഞ്ഞതുതന്നെ ഇതിന് തെളിവാണ്. അപവാദ പ്രചരണം നടത്തി ശുദ്ധാത്മാക്കളായചിലരെ ഇവർ വഴി തെററിച്ചിരിക്കാം. അവിഹിതാനുകൂല്യങ്ങൾ വാഗ്ദാനം ചെയ്തു മററു ചില ഭാഗ്യാന്വേഷികളെ ഇവർ ആകർഷിച്ചിരിക്കാം. ഇതിൽ ആദ്യം പറഞ്ഞ തരത്തിൽപെട്ടവരെ കാര്യങ്ങൾ പറഞ്ഞു മനസിലാക്കി സംഘടനയിലേക്ക് തിരിച്ചുകൊണ്ടുവരേണ്ട ബാധ്യത നമ്മുടെ പ്രവർത്തകർക്കാണ്.

സംഘടനാ രംഗത്തെ ഈ കള്ള നാണയത്തെ തുറന്നു കാണിക്കുന്നതിൽ സംഘടനാ പ്രവർത്തകർ വിജയിക്കുമെന്നതിൽ എനിക്ക് സംശയമില്ല. അപവാദപ്രചാരണങ്ങൾ അവഗണിച്ച് സംഘടനയിലുറച്ചു നിൽക്കാനും നാമിന്ന് നേരിടുന്ന, പ്രീ ഡിഗ്രിയെ കോളേജുകളിൽ നിന്ന് വേർപെടുത്തൽ ശമ്പള പരിഷ്കരണത്തിലെ ഗുരുതരമായ അപാകതകൾ എന്നീ കാര്യങ്ങളിൽ ശക്തമായ പ്രക്ഷോഭത്തിന് തയ്യാറെടുക്കാനും എല്ലാ അംഗങ്ങളോടും അഭ്യർത്ഥിക്കുന്നു. □

## മാനേജരുടെ കാറിൽ

നിരന്തരം അധ്യാപകരെ സ്ഥലംമാററി ദ്രോഹിക്കുന്ന എൻ. എസ്. എസ്. മാനേജമെൻറിൻെറ കാറിൽ കയറിനടന്ന് മാനേജർക്കുവേണ്ടി സിൻഡിക്കേററിലേക്ക് പരസ്യമായി വോട്ടുപിടിച്ച ഒരു 'അധ്യാപക പ്രതിനിധി'യുണ്ട്. കോട്ടയം സംഘടനയുടെ വൈസ്പ്രസിഡൻറായ ഈ സെനററുമെമ്പർ അങ്ങനെയും ചരിത്രം സൃഷ്ടിക്കുന്നു! മാനേജരുമായി വോട്ടുപിടിക്കാൻ ചെന്ന ഈ 'മാന്യദേഹ'ത്തെ എ. കെ. പി. സി. ടി.എ സെനററംഗങ്ങൾ താക്കീതുചെയ്തുവിടുകയുണ്ടായി.

## സംഘടനയിൽ നിന്നും പുറംതള്ളി

എ. കെ. പി. സി. ടി. എ. ക്ക് എതിരേ അപവാദപ്രചരണം നടത്തുകയും സംഘടനയെപ്പററി അവമതിപ്പുണ്ടാക്കുന്ന തരത്തിൽ പൊതുപ്രസ്താവനകൾ പുറപ്പെടുവിക്കുകയും വഴി ഗുരുതരമായ അച്ചടക്കലംഘനം നടത്തിയ പ്രൊഫ. കെ. സി. ചാക്കോ, പ്രൊഫ. വി. ജെ. ജോസഫ്, പ്രൊഫ. കെ. ജി. നാരായണ പിള്ള, പ്രൊഫ. എം. സി. അലി, പ്രൊഫ. സി. രാജൻ. പ്രൊഫ. കുഞ്ഞുരാമൻപിള്ള പ്രൊഫ. ശശിധരൻ എന്നിവരെ സംഘടനയിൽ നിന്നും പുറത്താക്കി.

എ കെ പി സി ടി എ നിവേദനം

# ജൂനിയർ ലക്ചറേഴ്സിന്റെ അവധിക്കാല ശമ്പളം

No. Prdt. Fl. VII (18)/DP/85-86
To The Director of Collegiate Education,
Vikas Bhavan, Trivandrum.

Sir,

Sub:- Teachers of Private Colleges-Payment of the first vacation Salary to Jr. Lecturers appointed against Permanent Vacancies-regarding

Ref:- 1) AKPCTA Letter No. Prdt. Fl VII(6)/DP/85-86 dt.25-6-85
2) Circular No. Estt. No. D2-62854/85/ K. Dis. dt. 30-9-1985 issued from the office of the Director of Collegiate Education.

May I draw your kind attention to the points of complaint of Private College teachers mentioned in Para 2 of the Letter cited? It is reported, the zonal offices still disallow the Vacation Salary claims in respect of Jr. Lecturers appointed on probation against *Permanent Vacancies,* holding that they have received specific instructions from your office regarding the payment of vacation salary to teachers appointed against vacancies of different nature. They are referring, presumably, to the Instructions contained in your office circular cited.

In the circular it has been categorically stated that "vacation salary will be paid to teachers" strictly in accordance with "the relevant provisions in the Kerala/Calicut University First Statutes, 1979. Instruction 1 in the Circular is alright. But Instruction 2 as given in the Circular does not at all conform to the relevant provision in the Statutes which is reproduced below:-

> A teacher who has completed his probation and who has not been confirmed in a permanent post due to the fact that the post in which he is working is not a permanent one .... beyond the period of vacation.

It is sufficiently clear, the above provision deals with the Vacation Salary claims in respect of the teachers who have been appointed to posts *which are not permanent* and hence *who have not been confirmed in service,* though they have completed their Probation (and not with the vacation salary claims in respect of teachers who have completed their probation in a permanent post). The Category of teachers referred to in the provision can be paid their first vacation salary only after the completion of their probation and the subsequent vacation salary (salaries) only if the duration of the vacancy (which is not permanent) subsists beyond the period of vacation. The provision, thus, does not at all deal with the first vacation salary or subsequent vacation salaries of the teachers appointed to permanent posts (who have neither completed their probation nor have been confirmed in service). I regret very much to point out that instruction 2 as given, is quite meaningless for the simple and obvious reason that the expressions in it "Completed his probation in a permanent post" and "In case the duration of the vacancy subsits beyond

the period of Vacany" are quite irreconcilable. How can a permanent Vancancy cease to exist during the Vacation ? It might be that your Office had inadevertantly tried to bring within the purview of instruction 2 the vacation salary claims in respect of teachers appointed to permanent posts but who have not yet deen confirmed in the posts. It is quite evident, there is nothing in the Statutes that goes to say that the first vacation salary in respect of the teachers appointed against permanent vacancies can be paid only after the completion of the probation by them. They have to be paid their first vacation salary without condition. Completion of probation by them cannot be a precondition for the payment of the first vacation salary to them. There is another reason also. It is laid down in the Statutes that "a teacher who has been appointed temporarily to a post, the duration of which exceeds 8 months" is entitled to full vacation salary in case his service is not terminated on the closing date of the academic year (the words 2 "and continues in service on the date of reopening of the Colleges" do not form part of the provision in the Statutes) It is, thus, clear, a teacher appointed on a temporary basis, will be paid full vacation salary before the completion of his probation. The only condition is that, his service should not be terminated on the closing date of the academic year. If the temporary teacher can be paid his full vacation salary before the completion of probation, how can the first vacation salary be denied to the teachers appointed to permanent post on the ground of non-completion of probation by them ?

I would, therefore, request you to review the matter and issue revised instructions "strictly in accordance with" the relevant statutory provisions lest the teachers' claims for vacation salary should be withheld/disallowed by the Offices without valid reasons. You would please clarify the eligibility of the Jr. Lecturers appointed on probation against permanent vacancies for vacation salary without any further delay.

Hoping to hear from you,

Yours faithfully.

Prof, T. Gopalakrishnan,
President, AKPCTA

---

## N S S കോളേജ് ടീച്ചേഴ്സ് കോ-ഓർഡിനേഷൻ പുതിയ ഭാരവാഹികൾ

പ്രസിഡൻറ് ഡോ. പി. എസ്. പണിക്കർ

വൈസ് പ്രസിഡൻറ് :

പ്രൊഫ. കെ. വിജയശങ്കർ

സെക്രട്ടറി : പ്രൊഫ. കെ. സുകുമാരൻനായർ

ജോയിൻറ് സെക്രട്ടറിമാർ :

പ്രൊഫ. കെ. വിജയകൃഷ്ണൻ

പ്രൊഫ. എ. ശിവരാമൻ

ട്രഷറർ:

പ്രൊഫ. എം. ജി. ഗോപാലകൃഷ്ണൻനായർ


---

## കോളേജ് അധ്യാപക-അനധ്യാപക സംയുക്തസമരസമിതി രൂപംകൊണ്ടു

പ്രൈവററ്-ഗവൺമെൻറ് കോളേജുകളിലെ അധ്യാപക—അനധ്യാപക സംഘടനകളുടെ സംയുക്ത സമര സമിതി ജനുവരി 12 ന് എറണാകുളത്ത് രൂപംകൊണ്ടു. എ കെ പി സി ടി എ, എ കെ ജി സി ടി, കെ പി സി എം എസ് എഫ്, എംപ്ലോയീസ് യൂണിയൻ എന്നീ സംഘടനകളുടെ പ്രതിനിധികൾ പങ്കെടുത്ത യോഗം മററു സംഘടനകളേയും സംയുക്ത സമിതിയിലേയ്ക്ക് ക്ഷണിക്കാൻ തീരുമാനിച്ചിട്ടുണ്ട്

സംയുക്ത സമരസമിതിയുടെ കൺവീനറായി പ്രൊഫ. ടി. ഗോപാലകൃഷ്ണനെ തെരഞ്ഞെടുത്തു.

# പ്രീഡിഗ്രി ബോർഡ് രൂപീകരണത്തിനെതിരേ ജില്ലാകേന്ദ്രങ്ങളിൽ ധർണ



ധർണ പാലക്കാട്ട്

പ്രീഡിഗ്രി വിദ്യാഭ്യാസം സർവ്വകലാശാലാ തലത്തിൽ നിന്നും അടർത്തിമാററാനുള്ള സർക്കാർ നീക്കം ഉപേക്ഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൂറുകണക്കിന് അധ്യാപകർ പങ്കെടുത്ത പ്രതിഷേധ ധർണകൾ എല്ലാ ജില്ലാകേന്ദ്രങ്ങളിലും ഡിസംബർ 12ന് നടന്നു. എ.കെ.പി സി.ടി.എ.യും എ.കെ ജി.സി.ടി. യും സംയുക്തമായി സംഘടിപ്പിച്ച ഈ സായാഹ്നധർണയുടെ ജില്ലാ തലറിപ്പോർട്ടാണ് താഴെ കൊടുക്കുന്നത്.

**കോട്ടയം:**

കോട്ടയം കളക്ടറേറുപടിക്കലെ ധർണ എ കെ. പി. സി. ടി. എ. മുൻ പ്രസിഡൻറ് പ്രൊഫ. പി. രവീന്ദ്രനാഥ് ഉത്ഘാടനം ചെയ്തു. നൂറിൽപരം അധ്യാപകർ ധർണയിൽ പങ്കെടുത്തു. വിവിധ സംഘടനകൾ അഭിവാദ്യമർപ്പിച്ചു. ശ്രീ. ഈ. പി. ചെല്ലപ്പൻ (എൻ ജി ഒ. യൂണിയൻ) ശ്രീ. കെ ജെ. ജോസഫ് (യൂണിവേഴ്സിററി എംപ്ലോയീസ് യൂണിയൻ) ശ്രീ ജോസഫ് ഡി. എബ്രഹാം (ബാങ്ക് എംപ്ലോയീസ് യൂണിയൻ) ശ്രീ. കെ. എം. ജേക്കബ് (പോസ്ററ് ആൻറ് ടെലിഗ്രാഫ് എംപ്ലോയീസ് യൂണിയൻ) പ്രൊഫ. ശാന്തകുമാർ (എ. കെ. ജി. സി. ടി) എന്നിവർ പ്രസംഗിച്ചു.

ജില്ലാസെക്രട്ടറി പ്രൊഫ ടി. ജോർജ് സെബാസ്ററ്യൻ ധർണ വിജയിപ്പിച്ചവർക്ക് നന്ദി രേഖപ്പെടുത്തി.

## ആലപ്പുഴ:

സംസ്ഥാന കൗൺസിലിന്റെയും, ആലപ്പുഴ ജില്ലാ കൗൺസിലിന്റെയും തീരുമാനമനുസരിച്ച് ഡിസംബർ 12-ന്, ആലപ്പുഴ് നഗരത്തിന്റെ സിരാകേന്ദ്രമെന്നു പറയാവുന്ന ബോട്ടുജെട്ടി കവലയിൽ, ജില്ലയിലെ വിവിധ കോളേജുകളിൽ നിന്നെത്തിയ ഇരുനൂറോളം പേർ, വൈകിട്ട് 4 മുതൽ 7 വരെ ധർണ നടത്തി. മാൽക്കം ആദിശേഷയ്യാകമ്മീഷൻ റിപ്പോർട്ട് തള്ളിക്കളയുക, വിദ്യാഭ്യാസ രംഗത്തെ സ്വകാര്യവത്കരണം അവസാനിപ്പിക്കുക, തുറന്ന സർവകലാശാല സ്ഥാപിക്കാനുള്ള നീക്കം ഉപേക്ഷിക്കുക തുടങ്ങിയ മുദ്രാവാക്യങ്ങൾ മുഴക്കി അധ്യാപകരും അനധ്യാപകരും വിദ്യാർഥിപ്രതിനിധികളും PCTA അംഗങ്ങളായ ചില അധ്യാപക സുഹൃത്തുക്കൾ പോലും ധർണയിൽ പങ്കെടുത്തപ്പോൾ, നാട്ടുകാർ ആകാംക്ഷയോടും ആവേശത്തോടുംകൂടി രംഗത്തെത്തി. സംസ്ഥാന പ്രസിഡന്റ്, പ്രൊഫ. ടി. ഗോപാലകൃഷ്ണൻ ധർണ ഉദ്ഘാടനം ചെയ്തു. കേരള സർവകലാശാലാ സിൻഡിക്കേറ്റ് അംഗം ശ്രീ ജി. സുധാകരൻ, വിവിധ വിദ്യാർഥി, അധ്യാപക, ബഹുജനസംഘടനാപ്രതിനിധികൾ തുടങ്ങിയവർ ധർണയെ അഭിസംബോധന ചെയ്തു. അങ്കമാലി കണ്ണാശുപത്രിയിൽ പോസ്റ്റ്-ഗ്രാഡ്വേറ്റ് കോഴ്സ്, പ്രൈവറ്റ് പോളിടെക്നിക്കുകൾ, സ്വകാര്യമേഖലയിൽ ആയുർവേദാസ്പത്രികൾ തുടങ്ങിയ വികല വിദ്യാഭ്യാസനയങ്ങൾ ഏകപക്ഷീയമായി നടപ്പാക്കുന്നതിൽ നിന്ന് സർക്കാരിനെ പിൻതിരിപ്പിച്ച വിദ്യാർഥി അധ്യാപക—ബഹുജന മുന്നേററം, ഇക്കാര്യത്തിലും ഉണ്ടാകുമെന്ന് അർക്കും തോന്നുന്നതരത്തിലുള്ളതായിരുന്നു, ധർണയോടുള്ള പൊതുവായ പ്രതികരണം. ജില്ലാ സെക്രട്ടറി പ്രൊഫ. ബി. രാധാകൃഷ്ണൻ സ്വാഗതമാശംസിച്ചു. ജില്ലാപ്രസിഡന്റ് പ്രൊഫ. ഇ. എസ്. പീററർ കൃതജ്ഞത പ്രകാശിപ്പിച്ചു.

## കോഴിക്കോട്

ആർ. ഡി. ഒ. ഓഫീസിനുമുമ്പിൽ നടന്ന ധർണ വർക്കേഴ്സ് സെൻറർ കൺവീനറും എൻ.എഫ് പി ടി.ഇ. നേതാവുമായ ശ്രീ. വി എ. എൻ. നമ്പൂതിരിയാണ് ഉത്ഘാടനം ചെയ്തത്. എ കെ ജി.സി.ടി. സെക്രട്ടറി ശ്രീ.ജെ. പ്രസാദ് സ്വാഗതം പറഞ്ഞു. എൻ. ജി. ഒ. യൂണിയനെ പ്രതിനിധീകരിച്ച് എം. എ. ജോൺസൺ, കെ. ജി. ടി. എ. നേതാവ് ശ്രീ. വി.വി.പി. നമ്പ്യാർ, എംപ്ളോയീസ് യൂണിയൻ നേതാവ് ശ്രീ. അരവിന്ദാക്ഷൻ എന്നിവർ അഭിവാദ്യമർപ്പിച്ചു സംസാരിച്ചു.

ഐഫക്ടോയുടെ വൈസ് പ്രസിഡൻറ് പ്രൊഫ. ടി.വി. ബാലനും എ കെ പി.സി. ടി.എ. ജനറൽ സെക്രട്ടറി പ്രൊഫ. വി നാരായണൻ കുട്ടിയും പ്രസംഗിച്ചു. ജില്ലാസെക്രട്ടറി ശ്രീ വി.ടി.അബ്ദുൾ ലത്തീഫ് നന്ദി രേഖപ്പെടുത്തി. നൂറിൽപരം അധ്യാപകർ ധർണയിൽ പങ്കെടുത്തിരുന്നു.

## പാലക്കാട്

സുൽത്താൻപേട്ട ജംഗ്ഷനു സമീപം നടന്ന ധർണയിൽ ജില്ലയിലെ വിവിധ കോളേജുകളിൽ നിന്നും നൂററി ഇരുപത്തി അഞ്ച് അധ്യാപകർ പങ്കെടുത്തിരുന്നു. എൻ. ജി. ഒ. യൂണിയന്റെ സംസ്ഥാന സെക്രട്ടേറിയററ് അംഗം ശ്രീ. കെ.എം. ജി. പണിക്കർ ധർണ ഉത്ഘാടനം ചെയ്തു. സിൻഡിക്കേററംഗം പ്രൊഫ. ജി. മാധവൻ നായർ, പ്രീഡിഗ്രി ബോർഡു രൂപീകരണത്തിലെ പ്രശ്നങ്ങൾ വിശദീകരിച്ചു. ശ്രീ. സി.എ. രാജൻ (എൻ എഫ്.പി. ടി.ഇ ) ശ്രീ. രാധാകൃഷ്ണൻ (എൻ. ജി. ഒ. യൂണിയൻ) ശ്രീ. വി. വി. അൽഫോൻസ് (എ ഐ ബി ഇ എ) ശ്രീ. കെ. സുകേശൻ (കെ എസ് ഇ ബി വർക്കേഴ്സ് അസോസിയേഷൻ) ശ്രീ. കെ. എൻ. സുധാകരൻ (ജോയിൻറ് കൗൺസിൽ) എന്നിവർ സംസാരിച്ചു.

എ. കെ. ജി. സി. ടി, സോണൽ സെക്രട്ടറി പ്രൊഫ. സഹദേവൻ സ്വാഗതവും എ കെ പി സി ടി എ ജില്ലാ സെക്രട്ടറി പ്രൊഫ. കെ വിജയശങ്കർ കൃതജ്ഞതയും പറഞ്ഞു.

## മലപ്പുറം

മലപ്പുറം കളക്ടറേററിനു മുമ്പിൽ നടന്ന

ധർണ കെ.ജി.ടി.എ. ജില്ലാ സെക്രട്ടറി ശ്രീ. രാമചന്ദ്രൻപിള്ള ഉത്ഘാടനം ചെയ്തു.

പ്രൊഫ. എൻ. ശിവരാമൻനായർ, പ്രൊഫ. ജി. പ്രഭാകരൻ നായർ എന്നിവർ പ്രസംഗിച്ചു. വിവിധ സംഘടനകൾ സമരത്തിനു പിൻതുണ പ്രഖ്യാപിച്ചു കൊണ്ട് അഭിവാദ്യമർപ്പിച്ചു.

എ കെ പി സി ടി എ ജില്ലാസെക്രട്ടറി ശ്രീ. എ. ശിവരാമൻ സ്വാഗതവും എ കെ ജി സി ടി സെക്രട്ടറി ശ്രീ. പാലക്കീഴ് നാരായണൻ നന്ദിയും പറഞ്ഞു.

## എറണാകുളം

എറണാകുളം ബോട്ടുജട്ടിയിൽ നടന്ന ധർണ കൊച്ചിൻ കോർപ്പറേഷൻ മുൻ മേയർ പ്രൊഫ. മാത്യുപൈലി ഉത്ഘാടനം ചെയ്തു. ജില്ലയിലെ വിവിധ കോളേജുകളിൽ നിന്ന് 109 അധ്യാപകർ പങ്കെടുത്തു. എ.കെ.പി.സി.ടി.എ. ജില്ലാ പ്രസിഡൻറ് പ്രൊഫ. നാണപ്പൻ നായർ, എ. കെ. ജി. സി. ടി. ട്രഷറർ രവീന്ദ്രൻ, പ്രൊഫ. ജോയ് കുളവേലിൽ തുടങ്ങിയവർ സംസാരിച്ചു.

ജില്ലാസെക്രട്ടറി പ്രൊഫ. വി. ഐ. ജോർജ് ധർണ വിജയിപ്പിച്ച എല്ലാവർക്കും നന്ദി പറഞ്ഞു.

## തൃശൂർ

എ കെ പി സി ടി എ ജില്ലാ പ്രസിഡൻറ് പ്രൊഫ. ജോർജ് എസ് പോൾ ധർണ ഉത്ഘാടനം ചെയ്തു. നൂറോളം അധ്യാപകർ പങ്കെടുത്തിരുന്നു. പ്രൊഫ. എം. അനിരുദ്ധൻ, പ്രൊഫ. എം. മുരളീധരൻ എന്നിവർ ധർണയ്ക്കു നേതൃത്വം നൽകി.

പ്രൊഫ. ടി.വി.ജയിംസ്, പ്രൊഫ. പി.പി. ജോർജ്, ശ്രീ. പരമേശ്വരൻ, ശ്രീ. യു. ബാലകൃഷ്ണൻ തുടങ്ങിയവർ പ്രസംഗിച്ചു.

## കൊല്ലം

ചിന്നക്കടയിൽ നടന്ന ധർണ ഐക്യസമരസമിതി ജില്ലാകൺവീനർ ശ്രീ.സോമനാഥൻ ഉത്ഘാടനം ചെയ്തു. കെ. പി. ടി.യു. ജനറൽ സെക്രട്ടറി ശ്രീ. അരുവിപ്പുറം പ്രഭാകരൻ പ്രസംഗിച്ചു. വിവിധ സംഘടനകൾ അഭിവാദ്യമർപ്പിച്ചു.

ജില്ലാസെക്രട്ടറി പ്രൊഫ. സുരേന്ദ്രൻ നന്ദി പറഞ്ഞു.

## പത്തനംതിട്ട

ധർണ എ. കെ. പി. സി. ടി. എ ട്രഷറർ പ്രൊഫ. ടി. കെ. ജി. നായർ ഉത്ഘാടനം ചെയ്തു. ഐക്യസമരസമിതിയിൽപ്പെട്ട നിരവധി സംഘടനകൾ സമരത്തിനു പിൻതുണ പ്രഖ്യാപിച്ചുകൊണ്ട് അഭിവാദ്യമർപ്പിച്ചു.

## തിരുവനന്തപുരം

സെക്രട്ടേറിയററു പടിക്കൽ നടന്ന സായാഹ്നധർണ എ. കെ. ജി. സി. ടി. പ്രസിഡൻറ് പ്രൊഫ. ടി. എം. രാജഗോപാൽ ഉത്ഘാടനം ചെയ്തു. നൂറോളം അദ്ധ്യാപകർ ധർണയിൽ പങ്കെടുത്തു. വിവിധസർവ്വീസ് സംഘടനാപ്രവർത്തകർ ജാഥയായിവന്ന് അഭിവാദ്യമർപ്പിച്ചു സംസാരിച്ചു.

ജില്ലാസെക്രട്ടറി ശ്രീ. ജോസഫ് ആൻറണി നന്ദിപറഞ്ഞു.

---


## സംഘടനയിൽനിന്നും പുറത്താക്കി

നാട്ടിക എസ്. എൻ. കോളേജ് എ കെ പി സി ടി എ ബ്രാഞ്ചുയോഗം പ്രൊഫ. ടി. എൻ. ബാലസുബ്രഹ്മണ്യത്തിൻെറ അധ്യക്ഷതയിൽ ചേർന്ന് സംഘടനാവിരുദ്ധ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്ന ബ്രാഞ്ച് പ്രസിഡൻറ് എസ്. ജോഷിനേയും, സെക്രട്ടറി തോളൂർ ശശിധരനേയും അക്കാദമിക് കൗൺസിൽ അംഗം പ്രൊഫ. വി. ജെ. ജോസഫിനേയും സംഘടനയിൽ നിന്നും പുറത്താക്കി.

ബ്രാഞ്ചിൻെറ പുതിയ ഭാരവാഹികളായി പ്രൊഫ. ടി. എ. ബാലസുബ്രഹ്മണ്യൻ പ്രസിഡൻറും പ്രൊഫ. കെ. പി. കൃഷ്ണൻ സെക്രട്ടറിയുമായുള്ള ഒരു ഒമ്പതംഗകമ്മിററിയെ തെരഞ്ഞെടുത്തു. യോഗത്തിൽ ജില്ലാ സെക്രട്ടറി പ്രൊഫ. എം. മുരളീധരനും പങ്കെടുത്തിരുന്നു.

---

## ആലപ്പുഴ സെമിനാർ



സെമിനാറിൽ സിൻഡിക്കേറ്റംഗം പ്രൊഫ. എ. ആൻറണി സംസാരിക്കുന്നു. എ കെ പി സി ടി എ ജില്ലാ പ്രസിഡൻറ് പ്രൊഫ. ഇ. എസ്. പീറ്റർ, സംസ്ഥാന പ്രസിഡൻറ് പ്രൊഫ. ടി. ഗോപാലകൃഷ്ണൻ, സിൻഡിക്കേറ്റംഗവും യൂണിവേർസിറ്റി അധ്യാപകസംഘടനാ നേതാവുമായ ശ്രീ. പി. കെ. രാജൻ എന്നിവരാണ് സമീപം.

# ആദിശേഷയ്യ റിപ്പോർട്ട് തള്ളിക്കളയുക

''ഇന്ത്യയുടെ ഭാവി രൂപംകൊള്ളുന്നത് ക്ലാസുമുറികളിലാണ്'', എന്ന്, വിദ്യാഭ്യാസത്തിന്, ഭാരതത്തിന്റെ രാഷ്ട്രീയ—സാമൂഹിക—സാമ്പത്തിക-സാംസ്കാരിക ജീവിതത്തിലുള്ള പ്രാധാന്യം ഡോ. കോത്താരി വ്യക്തമാക്കി. അദ്ദേഹത്തിന്റെ ശുപാർശകൾ പാർലമെന്റ് ദേശീയ വിദ്യാഭ്യാസനയമായി അംഗീകരിച്ചു. എന്നിട്ടും അവയിൽ പലതും നടപ്പിലായില്ല! എന്നാൽ, കാലാകാലങ്ങളിൽ അധികാരത്തിൽ വരുന്നവർ വിദ്യാഭ്യാസ പരിഷ്കാരത്തിന്റെ പേരിൽ ചിലതെല്ലാം കാട്ടിക്കൂട്ടാറില്ലെന്നില്ല!! ദീർഘവീക്ഷണമോ രാജ്യത്തിന്റെ വിശാലതാൽപര്യങ്ങളിൽ ശ്രദ്ധയോ ഇല്ലാത്ത അവരെ, വിദ്യാർഥിക്കും അധ്യാപകനും രാജ്യത്തിനും പൊതുവേ ദോഷകരമായ തുഗ്ലക്ക് പരിഷ്കാരങ്ങൾക്ക് പ്രേരിപ്പിക്കുന്നത് സ്വാർത്ഥതാൽപര്യമായിരിക്കും. വിദ്യാർത്ഥികളും അധ്യാപകരും പൊതുജ

ങ്ങളും ജാഗ്രതയുള്ളവരാണെങ്കിൽ, ഒരു ശക്തിക്കും, അവരെ മറികടന്ന്, ഒരു മാററവും വരുത്താനാവില്ല. എങ്കിലും, പൊതുവേ ജനങ്ങൾക്ക് ഏററവും കുറച്ചുതാൽപര്യമുള്ള വിഷയമാണ് വിദ്യാഭ്യാസം എന്ന, സുപ്രസിദ്ധചിന്തകൻ സി. ഇ. എം. ജോഡിൻെറ വാക്കുകൾ ഓർമിച്ചുപോകുന്നു. ആദിശേഷയ്യാകമ്മീഷൻ റിപ്പോർട്ട് ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്തതിനുശേഷമേ ശുപാർശകൾ നടപ്പാക്കൂ എന്ന് ഉറപ്പുനൽകിയ വിദ്യാഭ്യാസമന്ത്രി, പ്രീഡിഗ്രിക്ക് പ്രത്യേക ബോർഡ് ഏർപ്പെടുത്താനും, തുറന്ന സർവകലാശാല സ്ഥാപിക്കാനുമുള്ള ശുപാർശകൾ പരിശോധിച്ച് നടപ്പാക്കാൻ വേണ്ട നിർദേശങ്ങൾ സമർപ്പിക്കാൻ സ്പെഷ്യൽ ആഫീസർമാരെ നിയമിച്ചതായി പ്രഖ്യാപിച്ചുകഴിഞ്ഞു! ഇതെല്ലാം അറിയാതെയോ, അറിഞ്ഞാലും അറിഞ്ഞില്ലെന്നു നടിച്ചിട്ടോ ആകാം, അതുകൊണ്ടുണ്ടാകാവുന്ന ഭവിഷ്യത്തുകൾ കാണാതെ, ആലസ്യത്തിലാണ്ടിരിക്കയാണ് അധ്യാപകരിൽ അധികവും. എ. കെ. പി. സി. ടി. എ യുടെ ആലപ്പുഴ ജില്ലാ ഘടകം, മാവേലിക്കര ബിഷപ്പ്മൂർ കോളേജിൽ വെച്ച് 1985 നവംബർ 23–ാം തീയതി ശനിയാഴ്ച, ആദിശേഷയ്യാ കമ്മീഷൻ റിപ്പോർട്ടിനെപ്പററി ഒരു സെമിനാർ സംഘടിപ്പിച്ചു.

ഏ കെ. പി. സി. ടി. എ. പ്രസിഡൻറ് പ്രൊഫ. ടി ഗോപാലകൃഷ്ണൻ അധ്യക്ഷനായിരുന്നു. ബിഷപ്പ്മൂർ കോളേജ് പ്രിൻസിപ്പൽ റവ: കെ. സി. മാത്യു വേദിയിൽ സന്നിഹിതനായിരുന്നു. ജില്ലാ സെക്രട്ടറി പ്രൊഫ. ബി, രാധാകൃഷ്ണൻ സ്വാഗത പ്രസംഗത്തിൽ, കമ്മീഷന് കേരളത്തിലെ പ്രത്യേക പരിത:സ്ഥിതികളുമായി പരിചയമില്ലായിരുന്നതിനാൽ, സമൂഹത്തിൻെറ എല്ലാതലങ്ങളിലുമുള്ളവരെ ഒരുപോലെ പരിഗണിക്കാൻ സാധിച്ചില്ല എന്ന് സൂചിപ്പിച്ചു.

അധ്യക്ഷപ്രസംഗത്തിൽ, കേന്ദ്ര ഗവ:ൻെറ പുതിയ വിദ്യാഭ്യാസ നയരൂപവത്കരണ പരിപ്രേക്ഷ്യവുമായി സാദൃശ്യമുള്ളതാണ് കമ്മീഷൻ റിപ്പോർട്ട് എന്നും, കമ്മീഷനംഗങ്ങളുടെ മുൻപ്രസ്താവങ്ങൾക്കു കടക വിരുദ്ധമാണ് അവരുടെ ശുപാർശകളെന്നും, പ്രൊഫ. ഗോപാലകൃഷ്ണൻവ്യക്തമാക്കി. അവയിൽ നല്ലവയെന്നു പറയുന്നവപോലും നടപ്പാക്കിയാലുണ്ടാകുന്ന പ്രശ്നങ്ങൾ. വിദ്യാഭ്യാസരംഗത്തെയാകമാനം കലുഷമാക്കിത്തീർക്കുമെന്ന് അദ്ദേഹം ചൂണ്ടിക്കാണിച്ചു. കാര്യങ്ങൾ, ബന്ധപ്പെട്ടവരുമായി മുൻകൂട്ടി ചർച്ചചെയ്യാതെ മുൻവിധിയോടെ നടപ്പാക്കുന്ന അധികാരികളുടെ ജനാധിപത്യവിരുദ്ധമായ നീക്കത്തിൽ അധ്യക്ഷൻ ഉത്കണ്ഠ പ്രകടിപ്പിച്ചു; മന്ത്രിയുടെ ആഗ്രഹമല്ലേ കമ്മീഷൻ ശുപാർശകളായി പ്രത്യക്ഷപ്പെട്ടതെന്ന് സംശയിക്കയും ചെയ്തു.

